**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1730** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്. 1. അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്. 2. കെ.എസ്.ആർ.ടി.സി., നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക. 3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater / സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും. 4. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും തെരെഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്. 5. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി കരാറിൽ ഏർപ്പെടേണ്ടതും, ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും. 6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.ക്ക് നൽകേണ്ടതാണ്. 7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക, കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി നൽകുന്ന ഇൻവോയിസ്, പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ |

| | | | |
|---|---|---|---|
| | | | അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ല എങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുന്ന നഷ്ടം ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്. 8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. 9. അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശുപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന. 10. എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ചാൽ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും. 11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്. 12. ബസ്സുകളുടെ പരിപാലനം / ഇൻഷ്വറൻസ് / സി.എഫ് പുതുക്കൽ / പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.യ്ക്കു ആയിരിക്കും. 13. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ, സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിനു 1 കിലോമീറ്ററിന് ഉള്ളിലോ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നോ ആയിരിക്കും. 14. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. 15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം. 16. RTC ആക്ടിനു വിധേയമായി കളർ കോഡ് ബസ്സുകൾക്ക് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേരു പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ച് ബസ് സർവ്വീസ് നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | അയൽ സംസ്ഥാനങ്ങളുമായി കാലാ കാലങ്ങളിൽ രൂപീകരിക്കുന്ന ഗതാഗത കരാറുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി മറ്റ് സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിൽ കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളിലെ വിവിധ റൂട്ടുകളിലും, പ്രധാന നഗരങ്ങളിലേയ്ക്കും സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ |

| | | | |
|---|---|---|---|
| | | | കർണ്ണാടകയുമായി 5 കരാറുകളിലും, തമിഴ്നാട്ടുമായി 7 കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിലെ കോയമ്പത്തൂർ, സേലം, ഹൊസൂർ, മധുര, പളനി, വേളാങ്കണ്ണി, നാഗർകോവിൽ, തെങ്കാശി എന്നീ പ്രധാന സ്ഥലങ്ങളിലേയ്ക്കും കർണ്ണാടകയിലെ ബാംഗ്ലൂർ, മൈസൂർ, സുള്ള്യ, കൊല്ലൂർ, പുത്തൂർ, മെർക്കാറ, വിരാജ്പെട്ട്, ഉഡുപ്പി എന്നിവിടങ്ങളിലേയ്ക്കും പ്രതിദിന സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ്കാല നിയന്ത്രണങ്ങൾ വന്നതിനെ തുടർന്ന് ഭാഗികമായി മാത്രമേ അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. കർണ്ണാടക സംസ്ഥാനത്തിലേയ്ക്കുള്ള നാമ മാത്രമായ പ്രധാന സർവ്വീസുകൾ മാത്രമാണ് പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ തമിഴ്നാട്ടിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് തമിഴ്നാട് സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ നിലവിൽ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുന്നില്ല. |
| (സി) | സ്വകാര്യ ആവശ്യങ്ങൾക്ക് ന്യായമായ വാടകയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് നൽകുന്നതിന് ആലോചനയുണ്ടോ; വിശദമാക്കുമോ; | (സി) | സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്കും, വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗര പരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.യ്ക്ക് പ്രതി കിലോമീറ്റർ 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി ബസ്സുകൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്. |
| (ഡി) | നഗരത്തിലെ ട്രാഫിക് ഡൈവർഷനിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസുകളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ